DESPATCHED
On. 12/06/2020

27/05/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1031*(2)/2018*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4667** /എസ്.ഐ.സി-ജി 6/18)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഡെൻസിൽ ഡിസൂസ,
മിലി കോട്ടേജ്, ഹൗസ് നം.64,
ബിഷപ് പാലസ് നഗർ,
തങ്കശ്ശേരി, കൊല്ലം – 691 007. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി തഹസിൽദാർ(ഇൻസ്പെക്ഷൻ),
താലൂക്ക് ഓഫീസ്, കൊല്ലം.

2. അപ്പീൽ അധികാരി&
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.02.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.04.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 02.05.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.05.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഡെൻസിൽ ഡിസൂസ,

02.05.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 05.05.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1031(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആകയാൽ ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.01.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 09.02.2018ന് നൽകിയ മറുപടിയിൽ 30.11.2017ലെ വിചാരണയിൽ ഹർജിക്കാരൻ നൽകിയ മൊഴിയുടെ പകർപ്പിന് 3 പേജുകളാണ് ഉള്ളതെന്നും ആയതിന് പേജൊന്നിന് 2/- രൂപാ ക്രമത്തിൽ 6/- രൂപ ഒടുക്കി ചെലാൻ രസീത് ഹാജരാക്കണമെന്നുമാണ്. രണ്ടാം ഇനത്തിന് ടി ഓഫീസിൽ നിലവിലുള്ള സി8.15292/16 നമ്പർ ഫയലിൽ ടി ഓഫീസിൽ വച്ചു നടത്തിയ വിചാരണ വേളയിൽ ടിയാൻ 02.10.2017ൽ സമർപ്പിച്ച അപേക്ഷയും കൂടി പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11.01.2018ൽ ടി ഓഫീസിൽ നിന്നും ഉത്തരവായിട്ടുണ്ടെന്നും ടിയാൻ 02.10.2017ൽ ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.04.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടിയിൽ അപാകതയില്ലെന്നും ടിയാന്റെ അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്നത് ടിയാൻ 02.10.2017ന് നൽകിയ അപേക്ഷയിന്മേൽ അന്വേഷണം നടത്തുന്നതിനും വില്ലേജ് ഓഫീസിൽ നിന്നും വിശദമായ അന്വേഷണം നടത്തുന്നതിനും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനുമാണ്. ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ച് ഉത്തരവായെന്നുമാണ്.

4. 11.02.2020ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ 02.01.2017ൽ ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ എടുത്ത നടപടി വിവരവും 31.11.2017ൽ ടിയാൻ നൽകിയ മൊഴിയുടെ പകർപ്പുമാണ് ആവശ്യപ്പെട്ടിരുന്ന

തെന്നും ആയതിന് ഒന്നാം എതിർകക്ഷി 09.02.2018ന് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ രേഖകൾ നൽകിയിട്ടുള്ളതായി കാണുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും വ്യക്തമായ മറുപടി നൽകിയില്ലെന്ന് ടിയാൻ കമ്മീഷനു മൊഴി നൽകി. എന്നാൽ ലഭ്യമായ വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഇരുകക്ഷികളെയും നേരിൽ കേട്ടതിന്റെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 27-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/